manoramaonline.com

സ്വന്തം കാലിൽ നിൽക്കാം
എസ്. വി. രാജേഷ്

Sat Aug 16 21:48:59 GMT 2008

അരയ്ക്കുതാഴെ തളർന്ന ശരീരത്തെ ചലിപ്പിക്കാൻ അഞ്ചു വീൽചെയറുകളും ആസ്ട്രോ കാറും. മനസ്സ് ചെല്ലുന്നിടത്തു ദേഹത്തെ എത്തിക്കാൻ ഹൃദയത്തിലൊരു കംപ്യൂട്ടർ... എന്തും നേരിടാനുള്ള ചങ്കുറപ്പും എന്തിനും തയാറായി നിൽക്കുന്ന സുഹൃത്തുക്കളുടെ നിരയും.... മനസ്സിൽ തെളിയുന്ന വാക്യങ്ങൾ മൂന്നാംകണ്ണിലൂടെ കണ്ടറിഞ്ഞു പ്രവർത്തിക്കുന്ന രവിയെന്ന നിഴൽരൂപം... ആലപ്പുഴ പാലസ് വാർഡിൽ പി.ഒ. മാത്യുവിന്റെ സ്വത്ത് ഇതൊക്കെയാണ്.

ആദ്യം പോളിയോയും പിന്നെ അപകടവും കാലുകളെ നിശ്ചലമാക്കിയെങ്കിലും വിധിയുടെ മുന്നിൽ തലതാഴ്ത്താൻ മാത്യു തയാറായില്ല. പ്രതിസന്ധികളെ നേരിട്ട് എങ്ങനെ വിജയ വഴികളിലെത്താവുന്ന പാഠമാണ് മാത്യുവിന്റെ ജീവിതം. വൈകല്യം കുറവല്ല, കരുത്താണെന്നു മാത്യു പറയുമ്പോൾ അതൊരു വെറും പറച്ചിലല്ല.  കൊച്ചിൻ ഷിപ്പ്യാർഡിന്റെ സ്വന്തമാണ് ഈ അറുപതുകാരൻ. ചെയർമാൻ മുതൽ വർക്ഷോപ്പിലെ തൊഴിലാളിയുടെവരെ ആവശ്യങ്ങൾ നിറവേറ്റാൻ മാത്യുവുണ്ട്.

ഷിപ്പ്യാർഡിലെ യന്ത്രങ്ങൾ മുരളുന്നതിനു മുൻപു മാത്യു സ്വന്തം കാറിൽ ഓഫിസിലെത്തിയിരിക്കും. പിൻസീറ്റിൽ മടക്കിവച്ച വീൽചെയറുകളിലൊന്ന് ഉരുണ്ടുനീങ്ങുന്നതു ഫിനാൻസ് മാനേജരുടെ കൊച്ചു ക്യാബിനിലേക്ക്...

ഇടതുവശത്തെ കംപ്യൂട്ടറിൽ അന്നന്നു ചെയ്യേണ്ട ജോലികൾ തലേദിവസംതന്നെ അക്കമിട്ടു നിരത്തിയിരിക്കും. ചെറിയ ശുപാർശകൾ മുതൽ സഹപ്രവർത്തകനു ഗ്യാസ് കണക്ഷൻ തരപ്പെടുത്തുന്നതുവരെ അതിൽ കാണാം. ഒരു പിആർഒയുടെ പണിയാണെന്നു തെറ്റിദ്ധരിക്കുമ്പോൾ കോടികൾ കൈമാറുന്നതിന്റെ ഫയലുകൾ മേശപ്പുറത്തു നിരക്കും. മാത്യുവിന്റെ മനസ്സിന് അപ്പോൾ കാറോട്ട മത്സരക്കാരന്റെ വേഗം.

മാത്യുവിന് അന്നു നാലു വയസ്സ്. ബ്രെഡുമായി എത്തുന്ന ഹെഡ്മാസ്റ്ററായിരുന്ന അച്ഛൻ പി.എം. ഉമ്മനെ വീട്ടുപടിക്കൽ കാത്തിരിക്കുന്ന വികൃതിപ്പയ്യൻ. ഒരു രാത്രി ചുട്ടുപൊള്ളിക്കുന്ന നിമിഷങ്ങളിൽ  കാലുകളെ പോളിയോ തളർത്തി. അമ്മ സാറാമ്മയുടെ മടിയിൽ കിടക്കുകയായിരുന്നു ഞാൻ. കാലുകൾ വിറയ്ക്കുന്നുണ്ട്. നിലത്തു നിർത്താൻ അമ്മ ശ്രമിക്കുന്നുണ്ടെങ്കിലുംഉറയ്ക്കുന്നില്ല. ആരോ എടുത്തുകൊണ്ട് ഓടുകയാണ്...എവിടെയൊക്കെയോ പോയി... എന്റെ ഭാരം കാലുകൾ താങ്ങിയില്ല. കണ്ണു

തുറക്കുമ്പോൾ കുഴമ്പിന്റെയും എണ്ണയുടെയും ചെറുതും വലുതുമായ കുപ്പികൾ എന്നെ ഉറ്റുനോക്കുന്നു. ബലമില്ലാത്ത കാലുകൾക്കു കൃത്രിമ ഉപകരണങ്ങൾ കൂട്ടുവന്നതോടെ ഞാൻ വീണ്ടും പിച്ചവച്ചു.

പിന്നെ വാശിയായിരുന്നു എല്ലാറ്റിനോടും... ഏഴാംക്ലാസിൽ പഠിക്കുമ്പോൾ ഉണ്ടായ അവഗണനയാണു വാശിയായി വളർന്നത്. ഒരു സുഹൃത്തിന്റെ വീട്ടിലെ വിവാഹത്തിനു പങ്കെടുക്കാൻ തയാറെടുത്തപ്പോൾ ചിലർ വിലക്കി. വയ്യാത്ത കാലുകളുംവച്ച് ഇവൻ അവിടെ എത്തിയാൽ ആളുകൾ എന്തുവിചാരിക്കുമെന്ന് ആരോ അടക്കം പറയുന്നതു കേട്ടു.

പഠിച്ചു വൈകല്യത്തെ തോൽപ്പിക്കാൻ കച്ചമുറുക്കി. റാങ്കിനടുത്തു മാർക്ക് വാങ്ങി എസ്എസ്എൽസി ജയിച്ചപ്പോൾ ആലുവ യുസി കോളജ് രണ്ടുകൈയും നീട്ടി സ്വീകരിച്ചു. ആലപ്പുഴ എസ്ഡി കോളജിൽ ഗണിതശാസ്ത്രം മുഖ്യവിഷയമായി എടുത്ത് ബിഎസ്സിക്കു ചേർന്നു. സ്വതന്ത്ര വിദ്യാർഥി യൂണിയൻ പ്രസിഡന്റായി. നെടുമുടി വേണു, ഫാസിൽ, ചാർട്ടേർഡ് അക്കൗണ്ടന്റായ രാമചന്ദ്രൻ, ഇ.സി. തോമസ് എന്നിവരുമായി കൂട്ടുകൂടുന്നത് അവിടെവച്ചാണ്. മിമിക്രിയുടെ ആദ്യപതിപ്പായ സൗണ്ട് ഓഫ് മ്യൂസിക്സിന് സുഹൃത്തുക്കളോടൊപ്പം വിത്തെറിഞ്ഞതോടെ സുഹൃദ് ബന്ധങ്ങൾ നീണ്ടു.

71ൽ സെൻസസ് ഡിപ്പാർട്ട്മെന്റിൽ സൂപ്പർവൈസറായി ജോലി കിട്ടി. 73 ഏപ്രിൽ 30നു കൊച്ചിൻ ഷിപ്പ്യാർഡിൽ അപ്പർ ഡിവിഷൻ ക്ലാർക്കായി പ്രവേശിച്ചു. ഷിപ്പ്യാർഡിലെ ലോകം വ്യത്യസ്തമായിരുന്നു. കൃത്യസമയത്ത് എത്തണം. കാര്യങ്ങൾ ചിട്ടപ്പെടുത്തണം. 77ൽ ഭാര്യയുടെ ബന്ധുവായ കാവനാട് സ്വദേശി രവീന്ദ്രൻ നായർ എത്തിയതോടെ കാലുകൾ തളർന്നതിന്റെ വേദന മറന്നു. എന്റെ ആവശ്യങ്ങൾ എന്താണെന്നു മുൻകൂട്ടി കാണാൻ രവിക്കു പ്രത്യേക കഴിവുണ്ട്.

89 നവംബറിലുണ്ടായ അപകടമാണ് എന്നെ കൂടുതലും തളർത്തിയത്. സൈഡ് കാർ ഘടിപ്പിച്ച സ്കൂട്ടറിൽ പള്ളിയിൽ പോയി മടങ്ങുമ്പോൾ ഓട്ടോ ഇടിച്ചു. രണ്ടു കാലുകളിലെയും എല്ലുകൾ ഒടിഞ്ഞുനുറുങ്ങി. ആറുമാസം ചികിത്സ. മുട്ടുകൾ മടക്കാൻ കഴിയാതെവന്നപ്പോൾ വീൽചെയറുകൾ കൂട്ടായി എത്തി. ഓഫിസിലും വീട്ടിലുമായി മൂന്നെണ്ണം കൂട്ടിനുണ്ട്. കാറിൽ രണ്ടെണ്ണവും. അടുത്തമാസം ഒരെണ്ണം മകൾ സമ്മാനിക്കുന്നതോടെ കൂട്ടുകാരുടെ എണ്ണം കൂടും.

വീൽചെയറിൽ ആദ്യം ഓഫിസിലെത്തിയപ്പോൾ സഹപ്രവർത്തകർക്ക് സഹതാപം. സുഹൃത്തുക്കൾ ആത്മവിശ്വാസം പകരാനെത്തി. സൗകര്യപ്രദമായി സഞ്ചരിക്കാൻ കാറും വാങ്ങിയതോടെ സഞ്ചാരം അതിലായി.

ഭാര്യ സരസു മാത്യു, മക്കളായ സ്മിത ക്രിസ്റ്റി (യുഎസ്), പ്രീത കിരൺ (എച്ച്ആർ എക്സിക്യൂട്ടീവ്, ദുബായ്) എന്നിവരുടെ പ്രോത്സാഹനമാണ് എന്നെ നയിക്കുന്നത്. കൊച്ചിൻ ഷിപ്പ്യാർഡിലെ ക്വാർട്ടേഴ്സിലാണു താമസം.
പി.ഒ. കോശി (മലേഷ്യൻ ഷിപ്പിങ് കമ്പനിയിൽ സീനിയർ അക്കൗണ്ട്സ് ഹെഡ്), ഡോ. പി.ഒ. തോമസ് (മലേഷ്യയിൽ സർക്കാർ നിയന്ത്രണത്തിലുള്ള റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ), പി.ഒ. ഫിലിപ്പ് (കേരള ബാസ്കറ്റ്ബോൾ അസോസിയേഷൻ പ്രസിഡന്റ്, റിലീഷ് ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് എംഡി), പരേതനായ പി.ഒ. ജോൺ എന്നിവരാണു സഹോദരങ്ങൾ.

വികലാംഗർക്കായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്താലാണ് 1980ൽ കേര

ള ഹാൻഡികാപ്പ്ഡ് പേഴ്സൺസ് വെൽഫെയർ കോർപറേഷനിൽ ഡയറക്ടറായത്. രണ്ടു വർഷത്തെ കാലയളവിൽ അവർക്കായി ശബ്ദമുയർത്താൻ കഴിഞ്ഞുവെന്നാണ് എന്റെ വിശ്വാസം.

35 വർഷത്തെ സേവനത്തിനു ശേഷം ജൂലൈ 31ന് കൊച്ചിൻ ഷിപ്പ്യാർഡിന്റെ പടികളിറങ്ങുമ്പോൾ നേരിയ ദുഃഖമുണ്ട്. വിജയങ്ങൾ വെട്ടിപ്പിടിച്ചതിന്റെ സന്തോഷവുമായി വെള്ളികോർത്ത തിരിച്ചറിയൽ കാർഡ് അഴിച്ചുവച്ച് സീറ്റിനരികിലുള്ള വീൽചെയറുമായി മടങ്ങാനൊരുങ്ങുമ്പോഴും വിജയമന്ത്രം മാത്യു ആവർത്തിക്കുന്നു–Weakness is my strength.

Print

Close